


# അദ്ധ്യായം I
# അവതാരിക

# 1 അവതാരിക


തിരുവിതാംകൂർ മഹാരാജാവിന്റെ 1937–ലെ വിളംബരത്തിലൂടെയാണ് കേരള സർവകലാശാല (സർവകലാശാല) തിരുവിതാംകൂർ സർവകലാശാല എന്ന പേരിൽ സ്ഥാപിതമായത്. കേരള സർവകലാശാല ആക്ട് (1957–ലെ 14–ാം ആക്ട്)[1] നിലവിൽ വന്നതിനെ തുടർന്ന് ഇത് കേരള സർവകലാശാല എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. നിലവിൽ, 1974–ലെ കേരള സർവകലാശാല ആക്ടും (1974–ലെ 17–ാം ആക്ട്) കേരള സർവകലാശാലയുടെ ഫസ്റ്റ് സ്റ്റാറ്റ്യൂറ്റ്സും സർവകലാശാലയുടെ പ്രവർത്തനത്തിനാവശ്യമായ ചട്ടക്കൂട് നൽകുന്നു.

## 1.1. ഘടന

കേരള ഗവർണറാണ് സർവകലാശാലയുടെ ചാൻസലർ. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയാണ് പ്രോചാൻസലർ. ഗവർണർ നിയമിക്കുന്ന വൈസ് ചാൻസലറാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും (യു.ജി.സി) ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷനും (എ.ഐ.സി.റ്റി.ഈ) വിദ്യാഭ്യാസ മേഖലയിലെ മറ്റു നിയന്ത്രണസ്ഥാപനങ്ങളും പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങളും റെഗുലേഷനുകളും വിജ്ഞാപനങ്ങളും അനുസരിച്ചാണ് അക്കാദമിക് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

നയപരമായ തീരുമാനങ്ങളെടുക്കുകയും നടപ്പാക്കുകയും ചെയ്യുന്നത് സെനറ്റ്, അക്കാദമിക് കൗൺസിൽ, സിൻഡിക്കേറ്റ് എന്നീ മൂന്ന് സുപ്രധാന സ്ഥാപനങ്ങളാണ്. സർവകലാശാലയുടെ ഘടനാനില താഴെ കൊടുത്തിരിക്കുന്നു. വിശദമായ ഘടനാനില **അനുബന്ധം 1.1**–ൽ നൽകിയിട്ടുണ്ട്.

1 ഏകീകൃത കേരള സംസ്ഥാനം 1956–ൽ നിലവിൽ വന്നു.




കേരള സർവകലാശാലയിൽ അദ്ധ്യയനത്തിനും ഗവേഷണത്തിനുമായി 43 വകുപ്പുകളും, ഒരു വിദൂര വിദ്യാഭ്യാസ വിഭാഗവുമുണ്ട്. ഇവയിൽ ഒട്ടു മിക്കതും കാര്യവട്ടം ക്യാമ്പസിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ, 381 മറ്റു സ്ഥാപനങ്ങളും സഹായകേന്ദ്രങ്ങളുമുണ്ട് (**അനുബന്ധം 1.2**). ഇവയിലെല്ലാമായി (വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഒഴികെ) 9,000-ൽ അധികം വിദ്യാർത്ഥികൾ ഉണ്ട്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ ഏകദേശം 20,000 വിദ്യാർത്ഥികളുണ്ട്. സർവകലാശാലയിൽ അഫിലിയേറ്റു ചെയ്ത 187 കോളേജുകളിലായി 1,30,000-ൽ അധികം വിദ്യാർത്ഥികളുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിങ് ഫ്രെയിംവർക്കിന്റെ (എൻ.ഐ.ആർ.എഫ്) സർവകലാശാലാവിഭാഗത്തിൽ 2020-ൽ കേരള സർവകലാശാലയ്ക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ 23-ാം സ്ഥാനമുണ്ട്. കൂടാതെ, നാഷണൽ അസ്സസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (എൻ.എ.എ.സി) എ ഗ്രേഡ്[2] അംഗീകാരം 2020 മാർച്ച് വരെയുണ്ടായിരുന്നു.

സർവകലാശാലയ്ക്ക് ത്രിതല അക്കാദമിക് സംവിധാനമാണുള്ളത്. സിലബസ് രൂപവൽക്കരിക്കാനും അക്കാദമിക് വിഷയങ്ങളിലെല്ലാമുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കാനുമായി ഓരോ വിഷയത്തിലും ഒരു ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ട്. ബന്ധപ്പെട്ട വിഷയങ്ങളുടെ ഒരു കൂട്ടത്തെ ഒന്നിച്ച് ഒരു ഫാക്കൽറ്റിയായി നിർവ്വചിച്ചിരിക്കുന്നു. സർവകലാശാലയിൽ 16 ഫാക്കൽറ്റികളുണ്ട്. അക്കാദമിക് കൗൺസിലാണ് പരമോന്നത അക്കാദമിക് സ്ഥാപനം. സർവകലാശാല എല്ലാ ബിരുദാനന്തര

---

2 എ++, എ+, എ, ബി++, ബി+, ബി, സി എന്നിങ്ങനെ അവരോഹണക്രമത്തിൽ വിവിധ ഗ്രേഡുകളിൽ 4.0 മുതൽ 1.51 വരെ ക്യുമുലേറ്റീവ് ഗ്രേഡ് പോയിന്റ് ആവറേജ് (സി.ജി.പി.എ) അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ എൻ.എ.എ.സി അക്രഡിറ്റ് ചെയ്യുന്നു. 1.50-ഓ അതിലും കുറവോ സി.ജി.പി.എ ഉള്ളവ ഡി ഗ്രേഡ് ആയതിനാൽ അവയെ അക്രഡിറ്റ് ചെയ്യുന്നില്ല. എ-യുടെ ഗ്രേഡ് പൊയിന്റ് 3.01 മുതൽ 3.25 വരെയാണ്.

(മാസ്റ്റേഴ്സ്) പ്രോഗ്രാമുകൾക്കും, ബിരുദ (ബാച്ചിലേഴ്സ്) പ്രോഗ്രാമുകൾക്കും ചോയ്സ് ബേസ്ഡ് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനം (സി.ബി.സി.എസ്.എസ്) പിന്തുടരുന്നു.

## 1.2. ഓഡിറ്റ് ലക്ഷ്യങ്ങൾ

താഴെ പറയുന്നവ വിലയിരുത്തുകയെന്നതായിരുന്നു ഈ പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ലക്ഷ്യം.

- സർവകലാശാല അതിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തോ എന്നും
- മാനവ വിഭവശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും രൂപീകരണവും വികസനവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് പര്യാപ്തമായിരുന്നോ എന്നും അവ മാനദണ്ഡങ്ങളനുസരിച്ച് ആയിരുന്നോ എന്നും
- സർവകലാശാലയുടെ സാമ്പത്തിക നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമായിരുന്നോ എന്നും

## 1.3. ഓഡിറ്റ് മാനദണ്ഡം

താഴെപറയുന്ന രേഖകളിൽ നിന്നും ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങളെയാണ് ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് അടിസ്ഥാനമാക്കിയത്:

| **ലക്ഷ്യം** | **മാനദണ്ഡം** |
|---|---|
| സർവകലാശാല അതിന്റെ അക്കാദമിക് പ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തോ എന്ന് | • 1974-ലെ കേരള സർവകലാശാല ആക്ടും അതിന് കീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും പരീക്ഷാ മാനുവലും<br>• യു.ജി.സി, എൻ.എ.എ.സി തുടങ്ങിയ വിവിധ റെഗുലേറ്ററി അതോറിറ്റികൾ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളും റെഗുലേഷനുകളും<br>• 2020-ലെ ദേശീയ വിദ്യാഭ്യാസ നയം |

| **ലക്ഷ്യം** | **മാനദണ്ഡം** |
|---|---|
| മാനവ വിഭവശേഷിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും രൂപീകരണവും വികസനവും ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന്, പര്യാപ്തമായിരുന്നോ എന്നും അവ മാനദണ്ഡങ്ങളനുസരിച്ച് ആയിരുന്നോ എന്ന് | • 1974-ലെ കേരള സർവകലാശാല ആക്ടും അതിന് കീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും<br>• യു.ജി.സി, എ.ഐ.സി.ടി.ഇ, എൻ.എ.എ.സി തുടങ്ങിയ വിവിധ റെഗുലേറ്ററി അതോറിറ്റികൾ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളും റെഗുലേഷനുകളും<br>• 1995-ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്<br>• കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ<br>• കേരള ഫിനാൻഷ്യൽ കോഡ്<br>• പൊതുമരാമത്ത് വകുപ്പ് മാനുവൽ<br>• 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് |
| സർവകലാശാലയുടെ സാമ്പത്തിക നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവുമായിരുന്നോ എന്ന് | • 1974-ലെ കേരള സർവകലാശാല ആക്ടും അതിന് കീഴിലുണ്ടാക്കിയ ചട്ടങ്ങളും ഓർഡിനൻസുകളും<br>• യു.ജി.സി പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളും റെഗുലേഷനുകളും<br>• കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ<br>• കേരള ഫിനാൻഷ്യൽ കോഡ് |

## 1.4. ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

ഈ പ്രവർത്തനക്ഷമതാ ഓഡിറ്റിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവ് ഉൾപ്പെടുന്നു. ഓഡിറ്റിൽ ഉൾപ്പെടുത്തിയ വിവിധ സ്ഥാപനങ്ങളും വകുപ്പുകളും **അനുബന്ധം 1.3**-ൽ കൊടുത്തിരിക്കുന്നു.

ഓഡിറ്റിൽ സർവകലാശാലയിലെ പ്രസക്തരേഖകളുടെ സൂക്ഷ്മ പരിശോധനയും പ്രവൃത്തികളുടെ സംയുക്ത ഭൗതികപരിശോധനയും ഉൾപ്പെട്ടു. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി, പ്രോ-വൈസ് ചാൻസലർ, സർവകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുമായി 2021 ഫെബ്രുവരി 24-ന് നടത്തിയ പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ വ്യാപ്തി, ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, സാമ്പിൾ തെരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള രീതിശാസ്ത്രം എന്നിവ ചർച്ച ചെയ്തു. 2021 നവംബർ 30-ന് വീഡിയോ കോൺഫറൻസിലൂടെ അന്തിമ കൂടിക്കാഴ്ച നടത്തി. കേരള സർക്കാർ നൽകിയ മറുപടികൾ യഥോചിതം ഉൾപ്പെടുത്തിയിട്ടുണ്ട്.

2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തേക്കുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടിൽ 'കേരള സർവകലാശാലയുടെ പ്രവർത്തന'ത്തെക്കുറിച്ചുള്ള ഒരു പ്രവർത്തനക്ഷമതാ ഓഡിറ്റ് ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. ഫണ്ട് മാനേജ്മെന്റ്, പരീക്ഷ നടപടിക്രമം തുടങ്ങിയവ ഉൾപ്പടെയുള്ളവയെക്കുറിച്ചുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (പി.എ.സി) അതിന്റെ

2011–14 വർഷത്തെ 43–ാമത് റിപ്പോർട്ടിൽ 22 ശിപാർശകൾ നൽകിയിട്ടുണ്ടായിരുന്നു (**അനുബന്ധം 1.4**). കേരള സർക്കാർ ഈ ശിപാർശകളിൻമേലുള്ള 'സ്റ്റേറ്റ്മെന്റ് ഓഫ് ആക്ഷൻ ടേക്കൻ (എസ്.ഒ.എ.റ്റി)' സമർപ്പിക്കാനുള്ള ഒരുക്കത്തിലാണ്. അതിനാൽ എസ്.ഒ.എ.റ്റിയിൻ മേലുള്ള അന്തിമ റിപ്പോർട്ട് പി.എ.സി ഇനിയും നൽകിയിട്ടില്ല (2022 മാർച്ച്).

## 1.5. കൃതജ്ഞത

പ്രവർത്തനക്ഷമതാ ഓഡിറ്റിനു വേണ്ടി ഉന്നത വിദ്യാഭ്യാസ വകുപ്പും കേരള സർവകലാശാലയും നൽകിയ സഹകരണത്തിന് ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

## 1.6. ഓഡിറ്റ് കണ്ടെത്തലുകൾ

താഴെക്കൊടുത്തിരിക്കുന്ന അദ്ധ്യായങ്ങളിലായി ഓഡിറ്റ് കണ്ടെത്തലുകളെ വിഭജിച്ചിരിക്കുന്നു.

- അദ്ധ്യായം 2: ആസൂത്രണം, അക്കാദമിക് പ്രവർത്തനങ്ങൾ, സാമ്പത്തിക നിർവ്വഹണം
- അദ്ധ്യായം 3: മാനവവിഭവശേഷി
- അദ്ധ്യായം 4: പരീക്ഷ
- അദ്ധ്യായം 5: അടിസ്ഥാന സകര്യങ്ങൾ